(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വൻകിട വ്യവസായികൾക്ക് നൽകുന്ന ഇളവുകൾ ചെറുകിടക്കാർക്കും നൽകാൻ നടപടി

1 [3406] ശ്രീ. വി. ചെന്താമരാക്ഷൻ:
,, വി. കെ. സി. മമ്മത്കോയ:
,, ടി. പി. രാമകൃഷ്ണൻ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട വ്യവസായങ്ങൾക്ക് പ്രത്യേക സാമ്പത്തിക മേഖലയിലൂടെ നൽകാൻ തീരുമാനിച്ച നികുതി ഒഴിവുകളും പ്രത്യേക ആനുകൂല്യങ്ങളും സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയ്ക്ക് നൽകിക്കൊണ്ട് അവയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ചെറുകിട വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾക്കോ അവയ്ക്കുവേണ്ടി സ്ഥാപിക്കുന്ന മെഷിനറികൾക്കോ സർക്കാർ ഇപ്പോൾ എന്തെങ്കിലും നികുതി ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇളവുകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്;

(സി) നികുതികളിൽ നിന്നും ചില നിയമവ്യവസ്ഥകളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയാൽ അടച്ചുപൂട്ടിയ ചെറുകിട വ്യവസായങ്ങളിലെ ഉൽപ്പാദനം പുനരാരംഭിക്കുവാൻ കഴിയുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പ്രത്യേക സാമ്പത്തിക മേഖലയ്ക്കകത്ത് സ്ഥാപിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് മാത്രമേ നികുതി ഇളവുകൾക്ക് അർഹതയുള്ളൂ. ചെറുകിട വ്യവസായ മേഖലയ്ക്ക് സംസ്ഥാന ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും മാർജിൻ മണി വോണും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(ബി) 1-1-2000-ന് ശേഷം ഉൽപ്പാദനം തുടങ്ങിയ വ്യവസായ യൂണിറ്റുകൾക്കോ, ഉത്പന്നങ്ങൾക്കോ മെഷിനറികൾക്കോ നികുതി ഇളവുകൾ നൽകിയിട്ടില്ല.

(സി) മേഖലാതലത്തിൽ എടുത്ത് തീരുമാനപ്രകാരം 1-1-2000-ന് ശേഷം വ്യവസായ സ്ഥാപനങ്ങൾക്ക് പുതിയ നികുതിയിളവുകൾ നൽകാൻ കഴിയില്ല. പൂട്ടിയ ചെറുകിട വ്യവസായങ്ങൾക്ക് നികുതിയിളവ് നൽകാനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly